മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകങ്ങൾ കൊടുക്കുവാൻ കരാർ ചെയ്തിട്ടുള്ള ആൾ പുസ്തക കച്ചവടക്കാരനാണോ എന്നറിയുവാനാണ് ചോദിക്കുന്നത്.

ഡോക്ടർ എ. ആർ. മേനോൻ : വേറെയും കൺട്രാക്ട്കൾ എടുക്കുന്നവരുമുണ്ട്.

മിസ്റ്റർ പോപ്പട്ട്ലാൽ ശോവൽനല്ലാലൻ : പുസ്തകക്കച്ചവടക്കാരല്ലാത്തവർക്കു ഓർഡർ കൊടുക്കുവാൻ പാടില്ലെന്നു വല്ല നിയമവും ഉണ്ടോ ?

ഡോക്ടർ എ. ആർ മേനോൻ : ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകക്കച്ചവടക്കാരായാൽ പുസ്തകം കൊടുക്കുവാൻ താമസം വരുകയില്ല. അതല്ലാത്തതുകൊണ്ടാണോ ഈ താമസം വരുന്നത് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇതിനുമുമ്പ് പുസ്തകങ്ങൾ കൊടുക്കുവാൻ കരാറ് ഏറ്റിരുന്നതു പുസ്തക കച്ചവടക്കാരൻതന്നെയല്ലെ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : അതെ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അന്നു അതിനെക്കുറിച്ചു ആക്ഷേപങ്ങൾ ഉണ്ടായിരുന്നുവോ ?

ഡോക്ടർ എ. ആർ മേനോൻ : ഉണ്ടായിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകക്കച്ചവടക്കാർക്ക് കൊടുത്താൽ ഇതിലും കൂടുതൽ മെച്ചമായിരിക്കുമെന്നു ഗവർമ്മെണ്ടിനു തോന്നുന്നുണ്ടോ ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ : മെച്ചം വരുന്നതു കച്ചവടക്കാർക്കോ ഗവർമ്മെൻറിനോ ?

ഡോക്ടർ എ. ആർ. മേനോൻ : പുസ്തകക്കച്ചവടക്കാരായാലും പച്ചക്കറി സാമാനങ്ങൾ വില്ക്കുന്നവരായാലും പുസ്തകം കൊടുക്കുന്നതാരായാലും ആവക്കു ഗവർമ്മെണ്ടിൽനിന്നും വിലകൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകത്തിനു കമ്മീഷൻ അധികം കിട്ടുകയില്ല; സ്റ്റേഷണറി സാമാനങ്ങൾക്കാണു കമ്മീഷനുള്ളതു. അതുകൊണ്ടാണു പുസ്തകങ്ങൾ കൊടുക്കുവാനുള്ള താമസം വന്നുകൂടുന്നതു.

CONCENTRATION WORKS IN PANCHAYATS

154. Mr. V. K. Bhaskara Menon *(Cranganur):* Will the Government be pleased to state the names of the Panchayats in which active work in furtherance of "Concentration Works" has been begun, and also the nature of any such work ?

Dr. A. R. Menon *(Minister for Rural Development):* "Concentration Works" are to be carried out in Nadamel, Lokamaleswaram, Kodakara, Chundal, Chelakara and Pattancheri Panchayats.

Rural Development Co-operative Societies, the committee of which is to include all the existing members of the respective

LIBRARY ARCHIVES Kerala Legislative Assembly

Panchayats and four members nominated by Government, are being constituted under these six Panchayats.

The amounts allotted for "Concentration works" are proposed to be given as free grants to these Rural Development Co-operative Societies, to be utilised by them for such schemes as decided by them. Government sanction should, however, be obtained for such distributions.

The nature of works to be carried out can, therefore, be ascertained only after the constitution of these Rural Development Co-operative Societies, for which necessary steps are being taken.

155. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെൻറ് സദയം മറുപടി പറയുമോ. —

(എ) മാതൃകാ പഞ്ചായത്തുകളുടെ രൂപീകരണത്തിനായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള ൨,൫൦൦ ക. യിൽ നിന്ന് ഫർക്ക നമ്പർ ൧ മുതൽ വരെ ഏതെങ്കിലും മാതൃകാ പഞ്ചായത്ത് രൂപീകരണത്തിനു് വല്ല സംഖ്യയും ചിലവാക്കീട്ടുണ്ടോ; ഉണ്ടെങ്കിൽ,

(ബി) ഏതു പഞ്ചായത്തിനാണെന്നും എങ്ങിനെ ചിലവു ചെയ്യാനാണെന്നും എത്ര സംഖ്യയാണെന്നും പറയാമോ;

(സി) മാതൃകാ പഞ്ചായത്തു് രൂപീകരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രി അവർകൾ വല്ല സ്കീമും തയ്യാറാക്കീട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ ഓരോ കോപ്പി ഓരോ കൺസിലർക്കു് അയച്ചുകൊടുക്കുകയോ ഓരോ കോപ്പി ഓരോ മെമ്പർക്കും ഈ ചോദ്യത്തിന്റെ മറുപടി സഹിതം കൊടുക്കുകയോ ചെയ്യുമോ;

(ഇ) മാതൃകാ പഞ്ചായത്തു് രൂപീകരണം സംബന്ധിച്ചു് ഇതുവരെ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഒരു റിപ്പോർട്ട് മേശപ്പുറത്തു് വെക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ: (എ) ഇല്ല.

(ബി) ആദ്യത്തെ മറുപടികൊണ്ടു് ഉത്തരം ആവശ്യമില്ല.

(സി) ഗവൺമെൻറ് ഒരു സ്കീം തയ്യാറാക്കീട്ടുണ്ടു്.

(ഡി) അതിന്റെ ഒരു കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. (III-ാം അനുബന്ധം നോക്കുക.)

(ഇ) ആ സ്കീമിൽ പറഞ്ഞിരിക്കുന്ന റൂറൽ ഡെവലപ്പ്മെണ്ടു് കൊ-ഓപ്പറേറ്റീവു് സൊസൈറ്റികൾ സ്ഥാപിക്കുന്നതിനു് വേണ്ട നടപടികൾ എടുക്കുന്നുണ്ടു്. I may also say that it has already been constituted.

LIBRARY ARCHIVES Kerala Legislative Assembly